പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

| നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. * 84 | 11.06.2014- ലെ മറുപടിക്ക് |
|---|---|

ഫുഡ്സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ് ആക്റ്റ് പ്രകാരമുള്ള ക്രമീകരണങ്ങൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. പി. കെ. ബഷീർ<br>" സി. മമ്മൂട്ടി<br>" എൻ. ഷംസുദ്ദീൻ<br>" പി. ബി. അബ്ദുൾ റസാക് | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | 2006-ലെ ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് ആക്ട് പ്രകാരമുള്ള ക്രമീകരണങ്ങൾ പൂർണ്ണമായും നടപ്പാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ വിശദമാക്കുമോ; | എ) | ഫുഡ്സേഫ്ടി ആന്റ് സ്റ്റാൻഡേർഡ്സ് ആക്ട് ഫലപ്രദമായി സംസ്ഥാനത്ത് നടപ്പിലാക്കുവാൻ കർശനമായ നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്.<br><br>ഫുഡ്സേഫ്ടി ആക്ടിൽ നിഷ്കർഷിക്കുന്ന പ്രകാരം ഫുഡ്സേഫ്ടി കമ്മീഷണർ, ജില്ലാതല ഡെസിഗ്നേറ്റഡ് ഓഫീസർമാർ, സർക്കിൾതല ഫുഡ് സേഫ്ടി ഓഫീസർമാർ എന്നിവരെ നിയമിച്ചുകൊണ്ട് വിജ്ഞാപനം ചെയ്തിട്ടുണ്ട്.<br><br>സംസ്ഥാനത്ത് ആരോഗ്യവകുപ്പിലും വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും കൂടി 98 ഭക്ഷ്യസുരക്ഷാ ഓഫീസർമാരുടെ തസ്തികകളാണ് ഉണ്ടായിരുന്നത്. ഇത് തികച്ചും അപര്യാപ്തമായതിനാൽ 57 ഫുഡ് സേഫ്ടി ഓഫീസർമാരുടെ അധിക തസ്തികകൾ ഈ സർക്കാർ സൃഷ്ടിക്കുകയും കൂടാതെ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഭക്ഷ്യസുരക്ഷാ ഓഫീസർമാരുടെ തസ്തികകൾ ഭക്ഷ്യസുരക്ഷാ വകുപ്പിലേക്ക് മാറ്റുകയും ചെയ്തിരുന്നു. ആയത് ഉപയോഗപ്പെടുത്തി നിയമസഭയുടെ Subordinate Legislative Committee യുടെ ശുപാർശപ്രകാരം എല്ലാ നിയോജകമണ്ഡലത്തിലും ഒരു ഫുഡ് സേഫ്റ്റി ഓഫീസ് എന്ന രീതിയിൽ പുനക്രമീകരിച്ച് ഇതിനകം ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതും ആയതിന്റെ പ്രവർത്തനം 2014 ജൂൺ 31 നകം തുടങ്ങുന്നതിനാവശ്യമായ നടപടികൾ |

| | | | |
|---|---|---|---|
| | | | ത്വരിതഗതിയിൽ പുരോഗമിക്കുകയും ചെയ്യുന്നു. കൂടാതെ ഭരണ സംവിധാനം കാര്യക്ഷമമാക്കുവാൻ കമ്മീഷണറേറ്റിൽ രണ്ട് ജോയിന്റ് ഫുഡ് സേഫ്ടി കമ്മീഷണർമാരുടെ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.<br><br>ഫുഡ് സേഫ്ടി ആന്റ് സ്റ്റാൻഡേർഡ്സ് അതോറിറ്റി ഓഫ് ഇന്ത്യ, ലബോറട്ടറിഅക്രഡിറ്റേഷൻ നടപടികളുടെ ഭാഗമായി രാജ്യത്തെ തിരഞ്ഞെടുക്കപ്പെട്ട 35 സർക്കാർ അനലിറ്റിക്കൽ ലാബുകൾ നവീകരിക്കുന്നതിന് വേണ്ടിയുള്ള പഠനം നടത്തുകയും, ഇതിൽ ആദ്യഘട്ടത്തിൽ തന്നെ കേരളത്തിലെ മൂന്ന ലാബുകൾക്ക് അത്യാധുനിക ഉപകരണങ്ങളും മറ്റ് സൗകര്യങ്ങൾക്കുമായി 12 കോടി രൂപയുടെ സഹായം നൽകാനുള്ള നടപടികൾ സ്വീകരിക്കും എന്നും അറിയിച്ചിട്ടുണ്ട്. ഇതിന്റെ മറ്റു മാർഗ്ഗനിർദ്ദേശങ്ങൾക്കായി ഫുഡ്സേഫ്ടി കമ്മീഷണർ ഫുഡ് സേഫ്ടി ആന്റ് സ്റ്റാൻഡേർഡ് അതോറിറ്റിയുമായി ബന്ധപ്പെട്ടിട്ടുണ്ട്.<br><br>സംസ്ഥാനത്ത് കഴിഞ്ഞ ഒരു വർഷക്കാലം ഭക്ഷ്യ ഉൽപ്പാദകർക്കും വിതരണക്കാർക്കും ലൈസൻസ് /രജിസ്ട്രേഷൻ ഇവ നൽകിയ ഇനത്തിൽ 14.1 കോടി രൂപ സർക്കാർ ഖജനാവിലേക്ക് എത്തിയിട്ടുണ്ട്. കൂടാതെ ഭക്ഷ്യവ്യാപാരികൾക്ക് ഭക്ഷ്യസുരക്ഷയെ സംബന്ധിച്ച് ബോധവൽകരണവും പ രിശീലനവും നൽകുന്നതിനായി മൂവായിരത്തിലധികം ക്ലാസ്സുകൾ സംസ്ഥാനത്തുടനീളം സംഘടിപ്പിച്ചിട്ടുണ്ട്.<br><br>പൊതുജനങ്ങളുടെ പരാതികൾക്ക് ഉടൻതന്നെ പരിഹാരം കണ്ടെത്തുന്നതിനായി പൊതുജനങ്ങൾക്കായി സൗജന്യമായ ടോൾഫ്രീ നമ്പറിന്റെ സേവനം ലഭ്യമാക്കിയിട്ടുണ്ട് (1800 425 1125).<br><br>കൂടാതെ സംസ്ഥാനത്തെ ആർഡിഒ മാരെ 2006 ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാരം അഡ്ജ്യൂഡിക്കേറ്റിംഗ് ഓഫീസറായി നോട്ടിഫൈ ചെയ്തിട്ടുള്ളതും ടി ഉദ്യോഗസ്ഥർക്ക് ഭക്ഷ്യസുരക്ഷാ കമ്മീഷണറേറ്റിൽ നിന്നും പരിശീലനം നൽകിയിട്ടുള്ളതുമാണ്. ഭക്ഷ്യസുരക്ഷാ അപ്പലേറ്റ് ട്രിബ്യൂണൽ സംബന്ധിച്ച തുടർനടപടികൾ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ |

| | | | |
|---|---|---|---|
| | | | പരിഗണനയിലാണ്. |
| ബി) | ഫുഡ് സേഫ്റ്റി അപ്പലേറ്റ് ട്രിബ്യൂണൽ പോലുള്ളവ സ്ഥാപിച്ചിട്ടുണ്ടോ; | ബി) | സ്ഥാപിച്ചിട്ടില്ല. |
| സി) | പ്രസ്തുത ആക്റ്റ് പൂർണ്ണമായി നടപ്പാക്കുന്നതിന് കേന്ദ്ര സഹായം ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സഹായം നേടിയെടുക്കുന്ന കാര്യത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ? | സി) | നിലവിൽ ലഭിച്ചിട്ടില്ല. എന്നാൽ സംസ്ഥാനത്തെ അനലിറ്റിക്കൽ ലാബുകൾ അക്രിഡിറ്റേറ്റ് ചെയ്യുന്നതിന് 12 കോടി രൂപയുടെ സഹായ വാഗ്ദാനം കേന്ദ്രം നൽകിയിട്ടുണ്ട്. ആയത് സംബന്ധിച്ച തുടർ നിർദ്ദേശങ്ങൾ ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് അതോറിറ്റിയുടെ നിർദ്ദേശപ്രകാരം സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ